## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2368

15.07.2011 ൽ മറുപടിയ്ക്ക്

### മലമ്പുഴ പാർക്ക് നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.എ.മാധവൻ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലമ്പുഴയിൽ ടൂറിസം വികസനത്തിന്റെ ഭാഗമായി മലമ്പുഴ ഡാമിനു സമീപം പാർക്കിന്റെ നവീകരണത്തിനും പുനർനിർമ്മാണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കുമോ ; | (എ) | മലമ്പുഴ സൗന്ദര്യവത്ക്കരണ പദ്ധതിയുടെ ഭാഗമായി ബോട്ട് ജെട്ടിയുടെ നവീകരണം, കനാൽ സംരക്ഷണപ്രവർത്തനം, സീറ്റിംഗ് സൗകര്യങ്ങൾ, ഫൗണ്ടൻസ്, നടപ്പാതയുടെ നവീകരണം, ബാന്റ്സ്റ്റാന്റിന്റെ നവീകരണം, ഇല്യൂമിനേഷൻ, ലാന്റ് സ്കേപ്പിംഗ്, ചിൽഡ്രൻസ് പാർക്ക്, ആംഫി തീയേറ്റർ, ജാപ്പനീസ് ഗാർഡന്റെ നവീകരണം, ഇൻഫർമേഷൻ സെന്റർ, പ്രവേശന കവാടം, ടോയ്‌ലറ്റ് ബ്ലോക്കുകൾ എന്നീ പ്രവർത്തികൾ നടത്തി വരുന്നു. വിശദമായ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിനായി എത്ര തുക നീക്കി വെച്ചിരുന്നുവെന്നും ഓരോ വിഭാഗത്തിനും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ; | (ബി) | ഇതിനായി കേന്ദ്ര സർക്കാരിന്റെ ധനസഹായമായി 4.82 കോടി രൂപ (നാലു കോടി എൺപത്തി രണ്ടു ലക്ഷം രൂപ മാത്രം) നീക്കി വച്ചിരുന്നു. ഓരോ വിഭാഗത്തിനും ചെലവഴിച്ച തുക അനുബന്ധം 2 ആയി നൽകിയിരിക്കുന്നു. |
| (സി) | യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്താതെ കരാറുകാർ തുക കൈപ്പറ്റിയതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം വ്യക്തമാക്കുമോ ? | (ഡി) | മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല. |

സെക്ഷൻ ഓഫീസർ